LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കാസർഗോഡ് വില്ലേജിൽ 132/1 ബി, 132/4 ബി എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട 50 സെന്റ് ഭൂമി ലഭ്യമായിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷം SOR 2012 പ്രകാരം 2.55 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ SOR 2013 പ്രകാരമുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഉണ്ട്. 25-6-2010-ലെ കാസർഗോഡ് റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഇ-7302/09 നമ്പർ ഉത്തരവു പ്രകാരം ബദിയടുക്ക വില്ലേജിൽ 0.25 ഏക്കർ ഭൂമി അനുവദിച്ചുത്തരവായിട്ടുണ്ട്.

(ഡി) SOR 2012 പ്രകാരം 79 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) തയ്യാറാക്കിയിരുന്നു. ഈ എസ്റ്റിമേറ്റ് SOR 2013 പ്രകാരം പുതുക്കി ലഭ്യമാക്കുവാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മദ്യത്തിൽ നിന്നുള്ള വരുമാനം

87 (1791) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മദ്യത്തിൽ നിന്നുള്ള വരുമാന വർദ്ധന എത്ര കോടി രൂപയാണ് എന്ന് വ്യക്തമാക്കാമോ ;

(ബി) ബാറുകൾ അടച്ചതിനുശേഷം മദ്യത്തിൽ നിന്നുള്ള വരുമാനത്തിൽ എത്ര കോടി രൂപയുടെ കുറവ് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മദ്യത്തിൽനിന്നുള്ള എക്സൈസ് റവന്യൂ വരുമാനം സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു :

വർഷം	തുക (കോടിയിൽ)	മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് വർദ്ധനവ് കുറവ്
2011-12	1888.88	(+)184.19
2012-13	2249.75	(+)360.87
2013-14	1931.89	(-)317.86
2014-15	1778.07	(-)153.82
2015 മേയ് 30 വരെ	359.43	...

(ബി) സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന 710 ബാറുകൾ (എഫ്.എൽ. 3 ഷോപ്പുകൾ) നിർത്തലാക്കിയതുമൂലം ലൈസൻസ് ഫീസിനത്തിൽ കിട്ടേണ്ട തുകയിൽ കുറവ് വന്നിട്ടുണ്ട്. കൂടാതെ മദ്യ ഉപഭോഗത്തിൽ കുറവു വന്നിട്ടുള്ളതിനാൽ ഈ മേഖലയിൽ നിന്നും എക്സൈസ് ഡ്യൂട്ടി തുടങ്ങിയ ഇനങ്ങളിൽ ലഭിക്കേണ്ട വരുമാനത്തിൽ സാരമായ കുറവു വരുവാൻ സാദ്ധ്യതയുണ്ട്. ഇതുസംബന്ധിച്ച വരുമാനക്കുറവ് പൂർണ്ണമായും കണക്കാക്കപ്പെട്ടിട്ടില്ല. എന്നാൽ ബാറുകൾ അടച്ചതിനുശേഷം കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ വഴി 2015 മേയ് മാസം വരെ നടന്ന മദ്യവിൽപ്പനയിൽ നിന്നുള്ള വരുമാനത്തിൽ കുറവുണ്ടായിട്ടില്ല. 2015-16-ലെ മാസവിൽപ്പന 2014-15-ഉം ആയി താരതമ്യം ചെയ്ത് ചുവടെ ചേർക്കുന്നു :

മാസം	2015-16	2014-15
ഏപ്രിൽ	992.90	880.81
മേയ്	1006.15	899.71
ആകെ	1999.05	1780.52